19. പരമ്പരാഗതപാതയിൽ ലാട്രിൻ ബ്ലോക്കുകൾ നിർമ്മിച്ചു.

20. ചന്ദ്രാനന്ദൻ റോഡ് 7 മീറ്റർ വീതിയിൽ വീതി കൂട്ടി സംരക്ഷണ ഭിത്തി കെട്ടി കോൺക്രീറ്റ് ചെയ്തു.

21. അപ്പാച്ചിമേട്, നീലിമല ഭാഗത്ത് 4 സ്ഥലങ്ങളിൽ കാനന പാതയുടെ മുകളിൽ മേൽക്കൂര നിർമ്മിച്ചു.

22. ശബരിമലയിൽ 320 ലാട്രിനുകളും 80- ബാത്ത്റൂമുകളും നിർമ്മിച്ചു.

23. ശബരിമലയിൽ 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള രണ്ട് വാട്ടർ ടാങ്കുകൾ നിർമ്മിച്ചു.

24. സന്നിധാനത്തുനിന്നും മാളികപ്പുറത്തേക്കുള്ള ഫ്ലൈഓവറിന് മുകളിൽ മേൽക്കൂര നിർമ്മിച്ചു.

(ഇ) ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പമ്പയിലും ശബരിമലയിലും നിലവിലുള്ള 350 Kg/hr ശേഷിയുള്ള 2 ഇൻസിനറേറ്ററുകൾക്ക് പുറമേ 400 Kg/hr ശേഷിയുള്ള 2 ഇൻസിനറേറ്ററുകൾ പമ്പയിലും സന്നിധാനത്തും പുതിയതായി നിർമ്മിച്ചു. ശബരിമലയിൽ 5 എം.എൽ.ഡി.-യും പമ്പയിൽ 1.5 എം.എൽ. ഡി.-യും ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പമ്പാകർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കും.

നഗരസഭ, നഗരാസൂത്രണ വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകിയ പരിശീലനം

27(*57) ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. ജോർജ് എം. തോമസ് :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നഗരസഭകളിലെ നഗരാസൂത്രണ വകുപ്പിലെയും സങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹകരണത്തോടെ ആവിഷ്കരിച്ച പരിശീലന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് പരിശീലനം നൽകുന്നത്;

(സി) ഈ മേഖലകളിൽ പരിശീലനം നൽകുന്നതിന് സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹകരണം തേടിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പരിശീലന പരിപാടിക്ക് സിംഗപ്പൂർ സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) സിംഗപ്പൂരിലെ ടെമാസെക് (TEMASEK) ഫൗണ്ടേഷനും സിംഗപ്പൂർ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സിംഗപ്പൂർ കോ-ഓപ്പറേഷൻ എന്റർപ്രൈസസും സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി ആവിഷ്കരിച്ചിട്ടുള്ള "നഗരഭരണ-മാനേജ്മെന്റ് പങ്കാളിത്ത പരിപാടി" (Urban Governance and Management Partnership Programme)-യുടെ ഭാഗമായിട്ടാണ് നഗരാസൂത്രണ വകുപ്പിലേയും തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിലേയും സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹകരണത്തോടെ പരിശീലന പരിപാടി സംഘടിപ്പിച്ചത്. നഗരഭരണ-മാനേജ്മെന്റ് പങ്കാളിത്ത പരിപാടിയുടെ ഭാഗമായി നഗരഭരണവുമായി ബന്ധപ്പെട്ട 4 പ്രധാന മേഖലകളിൽ 8 പ്രാദേശിക പരിശീലനങ്ങളാണ് (4 എണ്ണം തിരുവനന്തപുരത്തുവച്ചും 4 എണ്ണം കോഴിക്കോട്ടുവച്ചും) ആവിഷ്കരിച്ചിട്ടുള്ളത്. നഗരാസൂത്രണവും വാട്ടർഫ്രണ്ട് മാനേജ്മെന്റും ആസ്തി-വിഭവ പരിപാലനം, ഖരമാലിന്യ പരിപാലനം, ജലമാനേജ്മെന്റ് എന്നീ 4 മേഖലകളാണ് പരിശീലനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ ആദ്യപടിയായി നഗരാസൂത്രണ വാട്ടർഫ്രണ്ട് മാനേജ്മെന്റ്, ആസ്തി വിഭവ പരിപാലനം എന്നീ മേഖലകളിലായി 4 പരിശീലനങ്ങൾ സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ തിരുവനന്തപുരത്തും കോഴിക്കോടുംവച്ച് യഥാക്രമം നവംബർ 8,11, 22,25 തീയതികളിൽ നടത്തുകയുണ്ടായി. നഗരാസൂത്രണം, വാട്ടർഫ്രണ്ട് മാനേജ്മെന്റ്, ആസ്തി-വിഭവ പരിപാലനം എന്നീ മേഖലകളിൽ നഗരാസൂത്രണ വകുപ്പിലേയും നഗരഭരണവകുപ്പിലേയും സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെ പ്രാവീണ്യം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു പ്രസ്തുത പരിശീലനം. ഓരോ പരിശീലനത്തിലും 16 പേർ വീതം 4 പരിശീലനങ്ങളിലായി മൊത്തം 64 ഉദ്യോഗസ്ഥർ പങ്കെടുക്കുകയുണ്ടായി. ഇതിൽ 40 പേർ നഗരാസൂത്രണ വകുപ്പിൽ നിന്നും 12 പേർ വീതം തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിൽ നിന്നുമുള്ള ഉദ്യോഗസ്ഥൻമാരാണ്. സിംഗപ്പൂരിൽനിന്നുള്ള 14 അംഗ വിദഗ്ദ്ധ സംഘമാണ് പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകിയത്.

(ബി) താഴെപ്പറയുന്ന 4 പ്രധാന മേഖലകളെ കേന്ദ്രീകരിച്ചാണ് പരിശീലനം നൽകുന്നത്.

(i) നഗരാസൂത്രണവും വാട്ടർ ഫ്രണ്ട് മാനേജ്മെന്റും (Urban & Waterfront Planning)

(ii) ആസ്തി-വിഭവ പരിപാലനം (Facilities Management)

(iii) ഖരമാലിന്യ പരിപാലനം (Solid Waste Management)

(iv) ജലമാനേജ്മെന്റ് (Water Management)

LIBRARY ARCHIVES Kerala Legislative Assembly

(സി) സുസ്ഥിര നഗരാസൂത്രണത്തിൽ ലോകത്തെ ഏറ്റവും മികച്ച അനുകരണീയ മാതൃകയാണ് സിംഗപ്പൂർ. കൂടാതെ കേരളത്തിലേതിന് സമാനമായ കാലാവസ്ഥയും സാഹചര്യങ്ങളുമുള്ള പ്രദേശമായതിനാൽ പ്രായോഗികമായി അവിടത്തെ നഗരാസൂത്രണത്തിന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകൾ നമുക്ക് ഫലപ്രദമായി പ്രയോജനപ്പടുത്താൻ കഴിയുമെന്നതിന്റെ അടിസ്ഥാനത്തിലാണ് സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഇത്തരം പരിശീലന പരിപാടിക്ക് ഉപയോഗപ്പെടുത്തുന്നത്. മാത്രമല്ല ഈ പരിശീലന പരിപാടിക്ക് സിംഗപ്പൂരിന്റെ സാങ്കേതിക വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിന് ടെമാസെക് ഫൗണ്ടേഷൻ 8,63,508 സിംഗപ്പൂർ ഡോളർ ഗ്രാന്റായി ഈ പരിപാടിയുടെ നടത്തിപ്പിന് ചുമതലയുള്ള സിംഗപ്പൂർ കോ-ഓപ്പറേഷൻ എന്റർപ്രൈസസിന് അനുവദിച്ചിട്ടുമുണ്ട്.

(ഡി) സിംഗപ്പൂർ സർക്കാരിന്റെ സാമ്പത്തിക സഹായം പരിപാടികൾക്ക് നേരിട്ട് ലഭിക്കുന്നില്ല. പകരം സംസ്ഥാനത്തുവച്ച് നടക്കുന്ന 8 പ്രാദേശിക പരിശീലനങ്ങൾക്ക് പ്രസ്തുത മേഖലകളിലെ സിംഗപ്പൂരിന്റെ സാങ്കേതിക വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിന് ടെമാസെക് ഫൗണ്ടേഷൻ 8,63,508 സിംഗപ്പൂർ ഡോളർ ഗ്രാന്റായി സിംഗപ്പൂരിലെ ഈ പരിശീലന പരിപാടികളുടെ സംഘാടകരായ സിംഗപ്പൂർ കോ-ഓപ്പറേഷൻ എന്റർപ്രൈസസിന് അനുവദിച്ചിട്ടുണ്ട്.

കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശകൾ

28*(58) ശ്രീ. പി. വിശ്വൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ആദ്യഘട്ട ശിപാർശ നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എത്ര കോടി രൂപയുടെ കടാശ്വാസമാണ് അനുവദിച്ചത്; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു;

(സി) കമ്മീഷന്റെ രണ്ടാംഘട്ട ശിപാർശയുടെ വിശദാംശം നൽകുമോ; ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) ശിപാർശ നടപ്പാക്കുന്നതുമൂലം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; എത്ര പേർക്ക് പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ദേശസാൽകൃത ബാങ്കുകളിൽനിന്ന് എടുത്ത വായ്പകൾക്കുകൂടി ആശ്വാസം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly